


# അമലോത്ഭവ മാതാവ്

ബ്ര. അഭിഷേക് ജോഷി MCBS
Vol. 11, Issue: 30

സൂര്യോദയത്തിനു മുമ്പ് പ്രഭാതതാരം ഉദിക്കുന്നതുപോലെ നീതിസൂര്യൻ ആയ മിശിഹായുടെ മനുഷ്യാവതാരം അറിയിച്ചുകൊണ്ട് ഉദിച്ച പ്രഭാതതാരമാണ് മറിയം. ജനനം കൊണ്ട് പാപരഹിതയും കർമ്മം കൊണ്ട് പാപത്തിൽ നിന്നകന്നു ജീവിച്ചവളുമായ പരിശുദ്ധ മറിയത്തിന്റെ അമലോത്ഭവ തിരുനാൾ ആഘോഷിക്കുന്ന ഈ സുദിനത്തിൽ തിരുനാളിന്റെ മംഗളങ്ങൾ ഏറെ സ്നേഹത്തോടെ നേരുന്നു.

ജോബിനെ പരീക്ഷിച്ച് പരാജയപ്പെട്ട പിശാച് കുറേ കാലത്തിനുശേഷം ദൈവസന്നിധിയിൽ മാലാഖമാർ ഒത്തുകൂടിയപ്പോൾ അവിടെ വീണ്ടും വന്നു. ദൈവം അവനോട് ചോദിച്ചു: “നീ എവിടെ നിന്നു വരുന്നു?” പിശാച് പറഞ്ഞു: “ഞാൻ ഭൂമി മുഴുവനും ചുറ്റിസഞ്ചരിച്ചിട്ടു വരുന്നു.” ദൈവം ചോദിച്ചു: “നീ എന്റെ മകളായ മറിയത്തെ കണ്ടുവോ? അവളെപ്പോലെ സത്യസന്ധയും നിഷ്കളങ്കയും ദൈവത്തെ ഭയപ്പെടുന്നവളും തിന്മയിൽ നിന്നകന്നുജീവിക്കുന്നവളുമായി ഭൂമുഖത്ത് ജീവിച്ചിരിക്കുന്ന വേറെ ആരെങ്കിലുമുണ്ടോ?” അപ്പോൾ പിശാച് പറഞ്ഞു: “അവൾ സ്ത്രീ ആയതുകൊണ്ട് പരീക്ഷയിൽപ്പെട്ടാൽ അങ്ങയെ അവൾ തള്ളിപ്പറയും.” ദൈവം അവന് അനുവാദം കൊടുത്തു. പിശാച് വളരെ സന്തോഷത്തോടെ അവിടെ നിന്നും പോയി. ഹവ്വായെ വളരെ എളുപ്പത്തിൽ പ്രലോഭനത്തിൽ വീഴിച്ച പിശാച് ഇവളെയും വളരെ എളുപ്പത്തിൽ പ്രലോഭനത്തിൽ വീഴ്ത്താമെന്ന് വിചാരിച്ചു. പക്ഷേ, പിശാചിന് അവളെ പരീക്ഷയിൽ വീഴ്ത്തുവാൻ സാധിച്ചില്ല. എത്ര ശ്രമിച്ചിട്ടും സാധിച്ചില്ല. അപ്പോൾ ദൈവം അവനോടു

പറഞ്ഞു: ‘‘നിന്നെയും മനുഷ്യനെയും ബന്ധിപ്പിക്കുന്ന പാപമാകുന്ന ചങ്ങല അവളിൽ ഇല്ല. ജനനം മുതൽ മനുഷ്യരിൽ നിന്നും വേർതിരിക്കപ്പെട്ടവളാണ്.’’

മനുഷ്യരോടുള്ള സ്നേഹത്തെപ്രതി ദൈവം പ്രകൃതിനിയമങ്ങളെപ്പോലും പരിവർത്തനം ചെയ്യുവാൻ സന്നദ്ധത കാണിച്ചു. ദൈവം മനുഷ്യനാകുന്നു, കന്യക ഗർഭം ധരിക്കുന്നു, അവൾ ഒരേ സമയം കന്യകയും മാതാവുമായിരിക്കുന്നു. ഇങ്ങനെ മനുഷ്യബുദ്ധിക്ക് അഗ്രാഹ്യമായ രഹസ്യങ്ങളാണ് മറിയം എന്ന നസ്രത്തുകാരിയായ യഹൂദ കന്യകയിൽ നിറവേറിയത്. ദൈവത്തിന്റെ മകൾ, പരിശുദ്ധാത്മാവിന്റെ മണവാട്ടി, ഈശോയുടെ അമ്മ എന്നൊക്കെ മാതാവിനെ വിശേഷിപ്പിക്കുന്നുണ്ട്.

പരിശുദ്ധ കന്യകാമറിയത്തെക്കുറിച്ച് സഭ ഔദ്യോഗികമായി പഠിപ്പിക്കുന്ന വിശ്വാസ സത്യങ്ങളിലൊന്നാണ് അവൾ അമലോത്ഭവയാണ് എന്നത്. ജന്മപാപമില്ലാതെ ദൈവത്തിന്റെ പദ്ധതിയ്ക്കായി മാറ്റപ്പെട്ടവൾ. ഇതിന്റെ അടിസ്ഥാനത്തിൽ 1854 ഡിസംബർ 8-ന് 9-ാം പിയൂസ് മാർപാപ്പാ അപ്പസ്തോലിക കോൺസ്റ്റിറ്റ്യൂഷനായ ഇനെഫാബിലീസ് ദേവുസ് എന്ന ഡോക്മാറ്റിക് ബുൾ വഴി ഈ വിശ്വാസ സത്യം പ്രഖ്യാപിച്ചു. ഇതിനെ ഊട്ടിയുറപ്പിക്കലാണ് 1858 മാർച്ച് 25-ാം തീയതി ലൂർദ്ദിൽ പരിശുദ്ധ അമ്മ വി. ബർണദീത്ത പുണ്യവതിക്ക് പ്രത്യക്ഷപ്പെട്ടു പറഞ്ഞു: ‘‘ഞാൻ അമലോത്ഭവയാണ്’’ എന്ന്.

സഭാപിതാക്കന്മാർക്കും ദൈവശാസ്ത്ര പണ്ഡിതന്മാർക്കും ഒത്തിരി ആശയക്കുഴപ്പമുണ്ടായെങ്കിലും ഇതിനെ അനുകൂലിക്കുന്നവരും പ്രതികൂലിക്കുന്നവരും ഇന്നും സഭയിലുണ്ട്. എന്നിരുന്നാലും, ഈ വിശ്വാസ സത്യത്തെ അളന്നുനോക്കേണ്ടത് ബുദ്ധി കൊണ്ടല്ല വിശ്വാസം കൊണ്ടാണ് എന്ന് സഭ പഠിപ്പിക്കുന്നു. സ്വർഗ്ഗരാജ്യത്തിലേയ്ക്കുള്ള ഏറ്റവും വലിയ മുതൽക്കൂട്ടാണ് പരിശുദ്ധ അമ്മ എന്ന് സഭ പഠിപ്പിക്കുന്നു.

മറിയം അമലോത്ഭവയായിരിക്കുന്നത് നാമോരോരുത്തർക്കും വേണ്ടിയാണ്. സാത്താനുമായുള്ള യുഗാന്തയുദ്ധത്തിൽ അവൾ ശത്രുവിന്റെ തല തകർക്കാനും സഭയ്ക്ക് സംരക്ഷണമേകാനും അത് അത്യാവശ്യമാണ്. അവളുടെ അമലോത്ഭവത്വം നമുക്ക് ശാശ്വതവിജയം ലഭിക്കുമെന്നതിന്റെ ഉറപ്പും സാക്ഷ്യപത്രവുമാണ്. ആകയാൽ, യുഗാന്തസഭ സാത്താന്റെ കെണിയിൽ നിന്ന് സംരക്ഷിതമാകാൻ അമലോത്ഭവ മറിയത്തിന്റെ വിമലഹൃദയത്തിൽ അഭയം പ്രാപിക്കണം. സാത്താനോട് ഒരിക്കലും ബന്ധം പുലർത്താതിരുന്ന മറിയത്തെപ്പോലെ ആകുവാൻ നമുക്ക് ശ്രമിക്കാം. അപ്പോൾ യുഗാന്തയുദ്ധത്തിൽ മറിയത്തോടൊപ്പം മറിയത്തിന്റെ മക്കളും വിജയം വരിക്കും. പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ്യം തേടി നമുക്കും പ്രാർത്ഥിക്കാം. വിശുദ്ധമായി ജീവിക്കാൻ പരിശുദ്ധ അമ്മയുടെ കൂട്ടു പിടിക്കാം.